LIBRARY ARCHIVES Kerala Legislative Assembly

സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിന് സംവിധാനം

31 [96] *ശ്രീ. തമ്പാനൂർ രവി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിന് സംസ്ഥാനത്ത് നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) മറ്റ് സംസ്ഥാനങ്ങളിൽ നിലവിലുള്ളതുപോലെ ഈ രംഗത്ത് സാങ്കേതിക പരിശീലനം ലഭിച്ചിട്ടുള്ള ഉദ്യോഗസ്ഥൻമാരെ ഉൾപ്പെടുത്തി സൈബർ ക്രൈം സെല്ലുകൾ ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സൈബർ കുറ്റകൃത്യങ്ങൾ കൈകാര്യം ചെയ്യുന്നതിലേക്കായി കേരളമൊട്ടാകെ അധികാര പരിധിയിലുള്ള ഒരു സൈബർ പോലീസ് സ്റ്റേഷൻ തിരുവനന്തപുരത്തെ സ്റ്റേറ്റ് ക്രൈം റിക്കോർഡ്സ് ബ്യൂറോയിൽ ഡി. വൈ. എസ്. പി. എസ്. സി. ആർ. ബി. സ്റ്റേഷൻ ഹൗസ് ഓഫീസറായും ഡി. ഐ. ജി. യുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ സ്ഥാപിക്കുന്നതിന് സർക്കാർ അനുമതി നൽകുകയും തുടർന്ന് എസ്. സി. ആർ. ബി. യിലെ വളരെ പരിമിതമായ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി സൈബർ പോലീസ് സ്റ്റേഷൻ നാമമാത്രമായി പ്രവർത്തിക്കുകയും ചെയ്യുന്നുണ്ട്.

(ബി) നടപടികൾ സ്വീകരിച്ചുവരുന്നു.

പിൻവലിച്ച കേസ്സുകൾ

32 [97] *ശ്രീ. ടി. പി. രാമകൃഷ്ണൻ :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2004 ആഗസ്റ്റ് 31 വരെ യു. ഡി. എഫ്. പ്രവർത്തകർ പ്രതികളായിട്ടുള്ള എത്ര കേസുകൾ പിൻവലിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) ഇതേ കാലയളവിൽ എൻ. ഡി. എഫ്. പ്രവർത്തകർ പ്രതികളായിട്ടുള്ള എത്ര കേസുകൾ പിൻവലിച്ചിട്ടുണ്ട്;

(ഡി) 2004 ആഗസ്റ്റ് 31-നുശേഷം യു. ഡി. എഫ്. പ്രവർത്തകർ പ്രതികളായിട്ടുള്ള എത്ര കേസുകൾ പിൻവലിച്ചിട്ടുണ്ട്?

ഉത്തരം

(എ) — (ഡി) പ്രോസിക്യൂഷൻ കേസ് പിൻവലിക്കണമെന്ന് ആവശ്യപ്പെട്ട് ലഭിക്കുന്ന അപേക്ഷകളിൽ ബന്ധപ്പെട്ട സൂപ്രണ്ട് ഓഫ് പോലീസ്/ കമ്മീഷണർ നൽകുന്ന റിപ്പോർട്ടിന്റെ വെളിച്ചത്തിലും നിയമവകുപ്പിന്റെ ഉപദേശത്തിന്റെ അടിസ്ഥാനത്തിലും പിൻവലിക്കാൻ യോഗ്യമാണെന്ന് സർക്കാരിന് ബോദ്ധ്യപ്പെടുന്ന കേസുകളാണ് ബന്ധപ്പെട്ട കോടതികളുടെ അനുമതിയോടും സി. ആർ. പി. സി. 321-ന് വിധേയമായും പിൻവലിക്കാൻ സർക്കാർ അനുമതി നൽകാറുള്ളത്. അപേക്ഷകരുടെ രാഷ്ട്രീയ പാർട്ടികളിലെ അംഗത്വവും, പാർട്ടിബന്ധവും പരിഗണിച്ചല്ല കേസുകൾ പിൻവലിക്കുവാൻ നിർദ്ദേശം നൽകാറുള്ളത്.

പാറ്റൂർ സെന്റ് തോമസ് ചർച്ചിൽ നടന്ന തീപിടുത്തം

33 [101] *ശ്രീ. കെ. മോഹൻകുമാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിലെ പാറ്റൂർ സെന്റ് തോമസ് ചർച്ചിൽ നടന്ന തീപിടുത്തം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ ഗവൺമെന്റ് ഇതേവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) ഈ കേസിന്റെ അന്വേഷണം ഇപ്പോൾ ഏതവസ്ഥയിലാണെന്ന് വ്യക്തമാക്കാമോ;

(ഡി) ഇത് സംബന്ധിച്ച് ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ;

(ഇ) ഈ സംഭവത്തിൽ മതമൗലികവാദികളോ തീവ്രവാദികളോ ഉൾപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(എഫ്) ആരാധനാലയങ്ങളുടെ പവിത്രതയും സുരക്ഷിതത്വവും ഉറപ്പുവരുത്താൻ ഊർജ്ജിത നടപടികൾ സർക്കാർ സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) & (സി) ഇതുമായി ബന്ധപ്പെട്ട് വഞ്ചിയൂർ പോലീസ് സ്റ്റേഷനിൽ ക്രൈം നം. 266/04 ആയി 427, 447, 436 ഐ. പി. സി. വകുപ്പുകൾ പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് പേട്ട സർക്കിൾ ഇൻസ്പെക്ടർ അന്വേഷണം നടത്തിയിട്ടുള്ളതും തുടർന്ന് 5-10-2004-ാം തീയതി ക്രൈംബ്രാഞ്ചിലേക്കായി പ്രസ്തുത കേസ് റീ നമ്പർ ചെയ്ത് ക്രൈം 409/സി. ആർ./04 ആയി ക്രൈംബ്രാഞ്ചിൽ അന്വേഷണം തുടർന്ന് വരുന്നതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly